പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 292 | 12-10-2026-ൽ മറുപടിയ്ക്ക്

<u>ബിറ്റുമെൻ വില വർധന</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> | <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. കാരായി രാജൻ | ശ്രീ. കെ. എം. ഷാജി (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർധനമൂലം ബിറ്റുമെൻ വിലയിലുണ്ടായ ഗണ്യമായ വർധനവിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുള്ള റോഡ് നിർമ്മാണം, നവീകരണം, അറ്റകുറ്റപണി തുടങ്ങിയ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും വിലവർധനവ് മൂലമുള്ള അധിക ചെലവ് പരിഹരിക്കുന്നതിനും കരാറുകാർക്ക് ആശ്വാസം നൽകുന്നതിനും പ്രത്യേക നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** യുദ്ധസാഹചര്യത്തെ തുടർന്ന് ടാറിന്റെ വിപണി വില വർദ്ധിച്ച സാഹചര്യത്തിൽ കരാറുകാർക്ക് അധിക നിരക്ക് അനുവദിയ്ക്കണമെന്നും; നിലവിലെ നിരക്ക് വർദ്ധന കാരണം പ്ലാൻ പദ്ധതികൾ, MLA-ADS CMLRRP, നവകേരള സദസ്സ് തുടങ്ങിയ പ്രവൃത്തികൾക്ക് ആവശ്യമായി വരുന്ന അധിക തുക നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഉള്ള നിവേദനങ്ങൾ പ്രകാരം ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ച പ്രൊപ്പോസലും പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കണമെന്നുള്ള ആവശ്യവും സജീവ പരിഗണനയിലാണ്.

**(ബി)** ബിറ്റുമെൻ വിലവർധനവ് മൂലം അധിക സാമ്പത്തിക ബാധ്യത നേരിടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ അധിക ഫണ്ട് അനുവദിക്കുമോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** യുദ്ധസാഹചര്യത്തെ തുടർന്ന് ടാറിന്റെ വിപണി വില വർദ്ധിച്ച സാഹചര്യത്തിൽ കരാറുകാർക്ക് അധിക നിരക്ക് അനുവദിയ്ക്കണമെന്നും; നിലവിലെ നിരക്ക് വർദ്ധന കാരണം പ്ലാൻ പദ്ധതികൾ, MLA-ADS CMLRRP, നവകേരള സദസ്സ് തുടങ്ങിയ പ്രവൃത്തികൾക്ക് ആവശ്യമായി വരുന്ന അധിക തുക നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഉള്ള നിവേദനങ്ങൾ പ്രകാരം ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ച പ്രൊപ്പോസലും പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കണമെന്നുള്ള ആവശ്യവും സജീവ പരിഗണനയിലാണ്.

**(സി)** ബിറ്റുമെൻ വിലവർധനയുടെ പശ്ചാത്തലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് പ്രവൃത്തികൾക്ക് നിലവിലുള്ള നിരക്കുകൾ പുനഃപരിശോധിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** പ്രൈസിലെ ബിറ്റുമെനിന്റെ DSR നിരക്കുകൾ 06-08-2026 ന റിവൈസ് ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**